**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.255 — 28.05.2019 ൽ മറുപടിക്ക്

**രാമറാവു മെമ്മോറിയൽ ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ്**

| ചോദ്യം<br>ശ്രീ.ജി.എസ്.ജയലാൽ | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ രാമറാവു മെമ്മോറിയൽ സർക്കാർ താലൂക്ക് ആശുപത്രിയിലെ ഡയാലിസിസ് യൂണിറ്റിന്റെ നിർമ്മാണപുരോഗതി വ്യക്തമാക്കാമോ; | (എ) & (ബി) | ആരോഗ്യ വകുപ്പിന്റെ 2015-16 വാർഷിക പദ്ധതിയിൽ 120 ലക്ഷം രൂപ രാമറാവു മെമ്മോറിയൽ സർക്കാർ താലൂക് ആശുപത്രിയിൽ (നെടുങ്ങോലം താലൂക് ആശുപത്രി) ഡയാലിസിസ് കേന്ദ്രം ആരംഭിക്കുന്നതിനായി അനുവദിച്ചിട്ടുണ്ട്. പൊതുമരാമത്തു വകുപ്പ് ഡയാലിസിസ് യൂണിറ്റിന്റെ നിർമ്മാണ പ്രവർത്തികളുടെ ആദ്യഘട്ട പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. വൈദ്യുതീകരണ പ്രവർത്തികൾ പൂർത്തിയാക്കേണ്ടതുണ്ട്. പൊതുമരാമത്തു വകുപ്പ് പണികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് കേരള മെഡിക്കൽ സർവീസ് കോപ്പർപറേഷൻ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതാണ്. |
| (ബി) | ഡയാലിസിസ് യൂണിറ്റിന്റെ നിർമ്മാണപ്രവർത്തികൾ പൂർത്തീകരിച്ച് യന്ത്രോപകരണങ്ങൾ സ്ഥാപിച്ച് ഡയാലിസിസ് സെന്റർ ജനങ്ങൾക്ക് എന്ന് സമർപ്പിക്കാൻ കഴിയുമെന്ന് അറിയിക്കാമോ; | | |
| (സി) | താലൂക്ക് ആശുപത്രി എന്ന നിലയിൽ നെടുങ്ങോലം രാമറാവു മെമ്മോറിയൽ സർക്കാർ താലൂക്ക് ആശുപത്രിയെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് അടിയന്തര പരിഗണന നൽകുമോ; | (സി) & (ഡി) | നിലവിൽ നെടുങ്ങോലം രാമറാവു മെമ്മോറിയൽ സർക്കാർ താലൂക്ക് ആശുപത്രിയെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഒരു താലൂക്കിൽ ഒരു താലൂക്ക് ആശുപത്രി എന്ന കണക്കിലാണ് ആർദ്രം പദ്ധതിയിൽ ആശുപത്രികളെ തെരഞ്ഞെടുക്കുന്നത്. കൊല്ലം താലൂക്കിൽ കൊല്ലം ജില്ലാ ആശുപത്രിയെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. |
| (ഡി) | ആയത് സംബന്ധിച്ച് ആരോഗ്യവകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിലെ വിശദാംശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ